(ഡി) സംസ്ഥാനത്ത് അനലിറ്റിക്കൽ ലാബുകൾ സ്ഥാപിച്ചിരിക്കുന്നത് എന്തൊക്കെ പരിശോധനകൾ നടത്തുന്നതിനാണെന്നും ഇപ്പോൾ എവിടെയൊക്കെയാണ് ഈ ലാബുകൾ പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) അനലിറ്റിക്കൽ ലബോറട്ടറികളിലെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ആധുനീകരണം ഒരു പ്രധാന ഘടകമായതിനാൽ ഹൈപ്രഷർ ലിക്വിഡ് ക്രോംറ്റോഗ്രാഫ്, ഗ്യാസ് ലിക്വിഡ് ക്രോംറ്റോഗ്രാഫ്, സ്പെക്ട്രോ ഫോട്ടോ മീറ്റർ എന്നീ ഉപകരണങ്ങൾ വാങ്ങുകയും ആഹാര പദാർത്ഥങ്ങളിൽ കീടനാശിനികൾ, അപകടകാരികളായ ലോഹാംശങ്ങൾ, സിന്തറ്റിക് കളറുകൾ എന്നിവയുടെ തോത് കണ്ടുപിടിക്കാനായി ഉപയോഗിക്കുകയും ചെയ്തുവരുന്നു. മേൽപ്പറഞ്ഞ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കുന്നവർക്ക് ട്രെയിനിംഗ് ആവശ്യമാണ്. ഡബ്ല്യൂ.എച്ച്.ഒ.സി.എസ്.ആർ. തുടങ്ങിയ സ്ഥാപനങ്ങൾ സഹായം നൽകി നടത്തുന്ന ട്രെയിനിംഗുകളിൽ ഓഫീസർമാരെ പങ്കെടുപ്പിക്കുന്നുണ്ട്. ഫുഡ് ഇൻസ്പെക്ടർമാരുടെയും പബ്ലിക് അനലിസ്റ്റുകളുടെയും പ്രത്യേകം പ്രത്യേകം യോഗങ്ങൾ വിളിച്ചുകൂട്ടി സംഭരണവും പരിശോധനയും കൂടുതൽ മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്.

(ബി) & (സി) ഇല്ല, ഉദിക്കുന്നില്ല.

(ഡി) സംസ്ഥാനത്ത് അനലിറ്റിക്കൽ ലബോറട്ടറികൾ സ്ഥാപിച്ചിരിക്കുന്നത് മായംചേർക്കൽ നിരോധന നിയമമനുസരിച്ച് ഭക്ഷ്യവസ്തുക്കളുടെയും വെള്ളത്തിന്റെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള പരിശോധനകൾ നടത്തുന്നതിലേക്കാണ്. ഇപ്പോൾ തിരുവനന്തപുരത്ത് ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറിയും എറണാകുളത്തും കോഴിക്കോടും ഓരോ റീജിയണൽ അനലിറ്റിക്കൽ ലബോറട്ടറിയും പ്രവർത്തിക്കുന്നുണ്ട്. ശബരിമല മണ്ഡല/മകര വിളക്ക് കാലയളവിൽ വഴിപാടുണ്ടാക്കാൻ ഉപയോഗിക്കുന്ന ആഹാരപദാർത്ഥങ്ങൾ പരിശോധിക്കുന്നതിലേക്കായി പത്തനംതിട്ടയിൽ ഒരു ഡിസ്ട്രിക്ട് ലബോറട്ടറി പ്രവർത്തിച്ചുവരുന്നുണ്ട്.

**16 (*296) ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതി**

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ മലേറിയ നിർമ്മാർജ്ജന പദ്ധതി (എൻ.എം.ഇ.പി.) യുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഈ പദ്ധതിപ്രവർത്തനത്തിന് കേന്ദ്രസഹായം എത്രമാത്രം ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യവകുപ്പ് ഈ പദ്ധതി നടത്തിപ്പിന് ഇപ്പോൾ എന്തൊക്കെ പരിപാടികൾ നടപ്പിലാക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അന്യസംസ്ഥാനങ്ങളിൽ പോയി തിരിച്ചുവരുന്നവരിൽനിന്നുമാണ് മലേറിയരോഗം സംസ്ഥാനത്ത് പടർന്നുപിടിക്കുന്നതെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ മലേറിയ രോഗത്തിന്റെ വ്യാപനം നിയന്ത്രിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷൺമുഖദാസ്) :

(എ) ഉണ്ട്.

(ബി) മലമ്പനി നിർമ്മാർജ്ജന പദ്ധതി 50% കേന്ദ്രസഹായത്തിൽ പ്രവർത്തിക്കുന്ന ഒരു പദ്ധതിയാണ്. കേന്ദ്രസഹായം മലമ്പനിക്കുള്ള മരുന്നുകളും ഉപകരണങ്ങളുമായിട്ടാണ് ലഭിക്കുന്നത്. ഈ സാമ്പത്തികവർഷത്തിൽ ഈയിനത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നത് ആകെ നൂറ് ലക്ഷം രൂപയാണ്.

(സി) ദേശീയ മലമ്പനി നിർമ്മാർജ്ജന പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നത് വിവിധോദ്ദേശ്യ ആരോഗ്യപരിപാടിയിൽ ഉൾപ്പെടുത്തിക്കൊണ്ടാണ്. ഇതനുസരിച്ച് വിവിധോദ്ദേശ്യ ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനവേളയിൽ പനിവരുന്നവരുടെയും പനിയുള്ളവരുടെയും അന്യസംസ്ഥാനങ്ങളിൽ പോയി വരുന്നവരുടെയും രക്തം സാമ്പിൾ പരിശോധനയ്ക്കായി ശേഖരിച്ച് മലേറിയക്കുള്ള അനുമാന ചികിത്സ നൽകുന്നു. രക്ത പരിശോധനയിൽ മലമ്പനി രോഗബാധ സ്ഥിരീകരിക്കപ്പെട്ടാൽ സമ്പൂർണ്ണ ചികിത്സയും നൽകിവരുന്നു. ലബോറട്ടറി സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളിലും എത്തുന്ന രോഗികളിൽ പനിയുള്ളവരെ രക്ത പരിശോധനക്കായി വിധേയമാക്കുന്നു. മലമ്പനി രോഗബാധ സ്ഥിരീകരിക്കപ്പെട്ട രോഗിയുടെ വീട്ടിലും പരിസരത്തുള്ള വീടുകളിലും ഉള്ള മുഴുവൻ ആൾക്കാരെയും രക്തപരിശോധനയ്ക്കായി വിധേയമാക്കുകയും ഈ വീടുകളിൽ കൊതുകു നശീകരണത്തിനുള്ള കീടനാശിനികൾ തളിക്കുക, ആരോഗ്യ വിദ്യാഭ്യാസ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു. മലമ്പനി രോഗബാധയുള്ള പ്രദേശങ്ങളിൽ സോണൽ മലേറിയാ ഓർഗനൈസേഷന്റെ മേൽനോട്ടത്തിൽ മലമ്പനി പരത്തുന്ന കൊതുകുകളെ സംബന്ധിച്ച പഠനങ്ങൾ നടത്തിവരുന്നു. മലേറിയ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, സാമൂഹ്യ സന്നദ്ധസംഘടനകൾ എന്നിവയുടെ സഹകരണത്തോടെ സമഗ്രകൊതുകുനശീകരണ പ്രവർത്തനങ്ങളായ കീടനാശിനി തളിക്കൽ, ഫോഗിംഗ്, കൂത്താടികളെ തിന്നുന്ന മത്സ്യങ്ങളെ ജലസംഭരണികളിൽ നിക്ഷേപിക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നടത്തിവരുന്നു.

(ഡി) ഉണ്ട്. 1996-ൽ റിപ്പോർട്ട് ചെയ്ത 11653 കേസ്സുകളിൽ 7365 പേരും, 1997-ൽ ആകെ 8346-ൽ 7551 പേരും 1998-ൽ 7339-ൽ 6795 പേരും അന്യസംസ്ഥാനങ്ങളിൽ പോയി താമസിച്ചു തിരിച്ചു വന്നവരാണ്.

(ഇ) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ വിവിധോദ്ദേശ്യ ആരോഗ്യ പ്രവർത്തകർ വീടുകൾ സന്ദർശിച്ച് പനിയുണ്ടായിരുന്നവരുടെയും പനിയുള്ളവരുടെയും അന്യസംസ്ഥാനങ്ങളിൽപോയി താമസിച്ച് വരുന്നവരുടെയും രക്തം മലേറിയക്കായി പരിശോധനയ്ക്ക് വിധേയമാക്കുകയും, അനുമാന ചികിത്സ (ക്ലോറോക്വിൻ) നടത്തുകയും ചെയ്യുന്നു. മലമ്പനി രോഗം സ്ഥിരീക



LIBRARY ARCHIVES Kerala Legislative Assembly

രിക്കപ്പെടുന്നവർക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും ചെയ്യുന്നു. പനി ബാധിച്ച് ആശുപത്രികളിലും മറ്റു ആരോഗ്യകേന്ദ്രങ്ങളിലും എത്തുന്ന രോഗികളെ മലമ്പനിക്കായുള്ള രക്ത പരിശോധനയ്ക്ക് വിധേയമാക്കുന്നു. മലമ്പനി രോഗബാധയുള്ളതായി സ്ഥിരീകരിക്കപ്പെട്ടാൽ രോഗിക്ക് സമ്പൂർണ്ണ ചികിത്സ നൽകുകയും, രോഗിയുടെ അര ച.കി.മീറ്റർ ചുറ്റളവിലുള്ള വീടുകളിലെ ആൾക്കാരെ രക്തപരിശോധനയ്ക്ക് വിധേയമാക്കുകയും രോഗിയുടെ രക്ത സാമ്പിൾ മാസത്തിലൊരിക്കൽ പരിശോധനയ്ക്ക് വിധേയമാക്കുകയും ഒരു വർഷക്കാലത്തോളം നിരീക്ഷണത്തിന് വിധേയമാക്കുകയും ചെയ്യുന്നു. അന്യ സംസ്ഥാനങ്ങളിൽനിന്നും വരുന്നവരിൽ ഉള്ള മലമ്പനികേസ്സുകൾ നിരീക്ഷിക്കുന്നതിനും കാര്യക്ഷമമായ നിയന്ത്രണ മാർഗ്ഗങ്ങൾക്ക് രൂപരേഖ ഉണ്ടാക്കുന്നതിനുമായി കേരളത്തിലെയും കർണ്ണാടക സംസ്ഥാനത്തിലെയും ആരോഗ്യവകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ ഉൾക്കൊള്ളുന്ന ഒരു വിദഗ്ദ്ധ കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തിവരുന്നുണ്ട്.

**17 (*297) സ്കൂൾ ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണം**

ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. ജോസ് ബേബി :
ശ്രീ. യു.എസ്. ശശി:

ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിൽ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നിയന്ത്രണങ്ങളാണ് ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) :

(എ) സ്കൂൾ ബസ്സുകളിലും വാനുകളിലും വിദ്യാർത്ഥികളെ കയറ്റുന്നതിന് ഇപ്പോൾതന്നെ മോട്ടാർ വെഹിക്കിൾ ആക്ടും റൂളും അനുസരിച്ച് നിയന്ത്രണങ്ങൾ നിലവിലുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

**18 (*298) പേയിംഗ് ഫാർമസി വിപുലീകരിക്കാൻ നടപടി**

ശ്രീ. ടി.കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം ആശുപത്രിയിൽ പേയിംഗ് ഫാർമസി പ്രവർത്തിക്കുന്നുവെന്ന് വെളിപ്പെടുത്തുമോ;

(ബി) എല്ലാ ജില്ലാ താലൂക്ക് ആശുപത്രികളിലും പേയിംഗ് ഫാർമസി ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly